പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1633

07.03.2018 ൽ
മറുപടിക്ക്

പോലീസ് സ്റ്റേഷനുകളിലെ സ്ത്രീ സുരക്ഷ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.സത്യൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിന് നിയുക്തരായ വനിതാ പോലീസുകാരുടെ എണ്ണം ആവശ്യാനുസൃതമാണോയെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാണ്. എങ്കിലും വനിതാ പോലീസിന്റെ പ്രാതിനിധ്യം ഘട്ടംഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി 380 വനിതാ സിവിൽ പോലീസ് ഓഫീസർമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം ആസ്ഥാനമാക്കിക്കൊണ്ട് ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സുരക്ഷക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) പോലീസ് വകുപ്പിൽ ലിംഗ അവബോധനത്തിനും ലിംഗസമത്വ സൗഹൃദ അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകുന്ന പദ്ധതിക്ക് 700 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ സംസ്ഥാനത്തെ അഞ്ചു ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 42 ലക്ഷം രൂപയും, രണ്ടു വാഹനങ്ങൾ വീതം അഞ്ച് കൺട്രോൾ റൂമുകളിലേയ്ക്ക് വാങ്ങുന്നതിന് 60 ലക്ഷം രൂപയും, ഫാമിലി ക്രൈം പ്രിവെൻഷൻ ആന്റ് കൗൺസിലിംഗ് സെന്ററുകളുടെ നടത്തിപ്പിന് 25 ലക്ഷം രൂപയും പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ലൈനുകളിലും മറ്റും സ്ത്രീ സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശുചിമുറികളും കാത്തിരിപ്പ് മുറികളും നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപയും, കുറ്റകൃത്യങ്ങളിലെ സ്ത്രീകളായ ഇരകൾക്ക് സഹായം നൽകുന്നതിന് 20 ലക്ഷം രൂപയും സ്ത്രീകൾക്ക് സ്വയം പ്രതിരോധ സംവിധാനങ്ങളിൽ പരിശീലനം നൽകുന്നതിന് 75 ലക്ഷം രൂപയും അടക്കം വിവിധങ്ങളായ പദ്ധതികൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

| | |
|---|---|
| (സി) ജനമൈത്രി പോലീസ് സംവിധാനത്തിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ കഴിയുന്നുണ്ടോയെന്ന് വിശദമാക്കുമോ ? | (സി) കഴിയുന്നുണ്ട്. ജനമൈത്രി പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ ജനമൈത്രി പോലീസ് സംവിധാനം നിലവിൽ സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷാ പ്രവർത്തനങ്ങൾ, രക്തദാന ക്യാമ്പ്, പി.എസ്.സി കോച്ചിംഗ്, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. വിവിധ സന്ദർഭങ്ങളിൽ വനിതകൾ നേരിടേണ്ടിവരുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയുവാൻ അവരെ പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങൾ നേരിടേണ്ടി വന്നാൽ സ്വയരക്ഷയ്ക്കായി പെട്ടെന്ന് സ്വീകരിക്കേണ്ടിവരുന്ന പ്രതിരോധ തന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി നടപ്പാക്കി വരുന്നത്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷനുകൾ, കലാലയങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഈ പരിശീലനം പ്രാദേശിക തലങ്ങളിലും സംഘടിപ്പിച്ചു വരുന്നു. ഈ വർഷം ഒരു ലക്ഷത്തിലേറെ പേർക്ക് ഈ പരിശീലനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നൽകി കഴിഞ്ഞു. വരും വർഷവും ഒരു ലക്ഷത്തിലേറെപ്പേരെ പരിശീലിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് പോലീസ്. കൂടാതെ, സ്ത്രീകൾക്ക് നേരെയുള്ള സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കാനായി വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകം വിതരണം ചെയ്തിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ജനകീയ പ്രവർത്തനങ്ങളുടെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷനുകളും മറ്റ് സാംസ്കാരിക സംഘടനകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ, പി.എസ്.സി പരിശീലനം എന്നിവ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ